## II മരണോപചാരം

### ശ്രീ. കൈപ്പള്ളി കൃഷ്ണപിള്ള, ശ്രീ. കെ. കൃഷ്ണപിള്ള എന്നിവരുടെ നിര്യാണം, സംബന്ധിച്ച്

ശ്രീ. സ്പീക്കർ: തിരു-കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ. കൈപ്പള്ളി കൃഷ്ണപിള്ളയും, കേരള നിയമസഭാംഗമായിരുന്ന
9.30 A.M.] ശ്രീ. കെ. കൃഷ്ണപിള്ളയും ഈ അടുത്ത കാലത്ത് നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും, എറണാകുളം ലോ കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയ ശ്രീ. കൈപ്പള്ളി കൃഷ്ണപിള്ള കാഞ്ഞിരംകുളം ഹൈസ്ക്കൂളിൽ ഒരു അദ്ധ്യാപകനായി ചേർന്നു. മലയാളത്തിൽ ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിച്ച് തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നും രാജ്യസേവാനിരത കെ. ജി. പരമേശ്വരൻപിള്ള സ്മാരക കീർത്തിമുദ്ര അദ്ദേഹം നേടുകയുണ്ടായി. സ്വാതന്ത്ര്യ സമരത്തിനുശേഷം സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് പി. എസ്. പി. യിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1954-ൽ കുന്നത്തുകാൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 'കേരള ജനത' ദിനപ്പത്രത്തിന്റെ പത്രാധിപസമിതി അംഗമായും തിരുവനന്തപുരം ലേഖകനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നല്ലൊരു സാഹിത്യകാരൻ കൂടിയായിരുന്ന ശ്രീ. കൈപ്പള്ളി കൃഷ്ണപിള്ള സജീവ രാഷ്ട്രീയത്തിൽ നിന്നും വിരമിച്ചശേഷം നെയ്യാറ്റിൻകര കോടതിയിൽ ഒരു അഭിഭാഷകനായി പ്രവർത്തിച്ചുവരികയായിരുന്നു.

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവും പ്രഗത്ഭനായ അദ്ധ്യാപകനുമായിരുന്ന ശ്രീ. കെ. കൃഷ്ണപിള്ള 1943-ൽ റോയൽ ഇൻഡ്യൻ നേവിയിൽ ചേരുകയുണ്ടായി. 1946-ൽ നടന്ന നാവിക സമരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായി തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1951-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. സി. പി. ഐ. സംസ്ഥാന കൗൺസിൽ അംഗമായും, പുനലൂർ പഞ്ചായത്ത് പ്രസിഡന്റായും, പ്രവാസ് ടീച്ചേഴ്സ് അസോസിയേഷൻ കൊട്ടാരക്കര ജില്ലാ സമിതിയുടെ പ്രസിഡന്റായും, കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗമായും ശ്രീ. കൃഷ്ണപിള്ള സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുനലൂർ നിയോജകമണ്ഡലത്തിൽനിന്നും അദ്ദേഹം രണ്ടാം കേരള നിയമസഭയിലേക്കും നാലാം കേരള നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയിലും അഷ്വറൻസ് കമ്മിറ്റിയിലും അദ്ദേഹം അംഗമായിരുന്നു. പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly